(ബി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഐ.ജി. യ്ക്കെതിരെ സ്വീകരിച്ച നടപടി വിശദമാക്കാമോ ;

ഉത്തരം

(എ&ബി) എം.ജി. സർവ്വകലാശാലയുടെ എൽ.എൽ.എം. പരീക്ഷയിൽ തൃശ്ശൂർ റേഞ്ച് ഐ.ജി. ആയിരുന്ന ശ്രീ. റ്റി. ജെ. ജോസ് ഐ.പി.എസ്. കോപ്പിയടിച്ചതുമായി ബന്ധപ്പെട്ട് സിൻഡിക്കേറ്റ് സ്റ്റാന്റിംഗ് കമ്മിറ്റി ഓൺ സ്റ്റുഡന്റ്സ് ഡിസിപ്ലിൻ, വെൽഫെയർ ആന്റ് ഗ്രീവൻസസ് നടത്തിയ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ടിന്മേൽ സർവ്വകലാശാലയുടെ സിൻഡിക്കേറ്റ് അംഗീകരിച്ച റിപ്പോർട്ടുകൂടി ലഭിക്കാനുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ അന്തിമ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുന്നതാണ്.

ജില്ലാ ക്രൈംബ്രാഞ്ചിന്റെ പ്രവർത്തനരീതി

239 (247) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ക്രൈം ബ്രാഞ്ച്, ജില്ലാ ക്രൈം ബ്രാഞ്ച്, ക്രൈം ഡിറ്റാച്ച്മെന്റ് സെൽ എന്നിവയുടെ പ്രവർത്തനരീതി വിശദമാക്കുമോ ; ഓരോ ബ്രാഞ്ചിലും അനുവദിച്ചിട്ടുള്ള മൊത്തം ഉദ്യോഗസ്ഥരുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) കേസ്സുകൾ സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിനും ജില്ലാ ക്രൈം ബ്രാഞ്ചിനും കൈമാറുന്നതിനുള്ള മാനദണ്ഡം വ്യക്തമാക്കാമോ ;

(സി) സ്റ്റേറ്റ് ക്രൈം ബ്രാഞ്ചിന്റെയും ജില്ലാ ക്രൈം ബ്രാഞ്ചിന്റെയും പ്രവർത്തന രീതിയിലുള്ള വ്യത്യാസം എന്താണെന്ന് വ്യക്തമാക്കുമോ; ;

(ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഏതൊക്കെ തരത്തിലുള്ള കേസ്സുകളാണ് കൈകാര്യം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ ;

(ഇ) ഓരോ വിഭാഗവും കഴിഞ്ഞ അഞ്ചുവർഷക്കാലത്തിനിടെ എത്ര കേസ്സുകൾ ഏറ്റെടുത്തു എന്നും എത്ര കേസ്സുകളുടെ അന്വേഷണം പൂർത്തിയാക്കി എന്നും ഇതിൽ എത്ര കേസ്സുകളിൽ കുറ്റവാളികളെ ശിക്ഷിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 17-6-2014-ലെ G.O. (Ms.) No. 124/14/Home ഉത്തരവ് പ്രകാരം ജില്ലാ ക്രൈം ഡിറ്റാച്ച്മെന്റ് യൂണിറ്റുകളെ ജില്ലാ ക്രൈംബ്രാഞ്ചായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ജില്ലാ പോലീസ് മേധാവിമാരുടെകീഴിൽ ഒരു 'Specialized Investigation Wing' ആയിട്ടാണ് ജില്ലാ ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നത്. അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ്/ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് എന്നീ റാങ്കിലുള്ള ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് ജില്ലാ ക്രൈംബ്രാഞ്ചുകൾ പ്രവർത്തിക്കുന്നത്. പ്രസ്തുത ഉദ്യോഗസ്ഥരെ സഹായിക്കുന്നതിനായി രണ്ട് ഇൻസ്പെക്ടർ ഓഫ് പോലീസ് (സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്) 14 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്, 14 സീനിയർ സിവിൽ പോലീസ് ഓഫീസർ, 6 സിവിൽ പോലീസ് ഓഫീസർ (വനിതാ ഉദ്യോഗസ്ഥർ ഉൾപ്പെടെ) എന്നീ ഉദ്യോഗസ്ഥരെയും ജില്ലാ ക്രൈംബ്രാഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസ്സുകളും ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി.മാർ, റേഞ്ച് ഐ.ജി.മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്. പ്രസ്തുത കേസ്സുകളുടെ അന്വേഷണ പുരോഗതി മാസത്തിലൊരിക്കൽ ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം അവലോകനം നടത്തുന്നതാണ്. കേസന്വേഷണത്തിൽ പ്രാഗൽഭ്യമുള്ള ഉദ്യോഗസ്ഥരെയാണ് ജില്ലാ ക്രൈംബ്രാഞ്ചുകളിൽ ഉൾപ്പെടുത്തുന്നത്.

(ബി) ബഹുമാനപ്പെട്ട ഹൈക്കോടതിയുടേയും കേരള സർക്കാരിന്റേയും സംസ്ഥാന പോലീസ് മേധാവിയുടെ ഉത്തരവുകൾ പ്രകാരമുള്ള കേസ്സുകൾ സംസ്ഥാന ക്രൈംബ്രാഞ്ച് വിഭാഗത്തിന് അന്വേഷണത്തിനായും വിവിധ ജില്ലകളിൽനിന്നും റിപ്പോർട്ട് ചെയ്യപ്പെടുന്ന സെൻസേഷണൽ കേസ്സുകളും ലോക്കൽ പോലീസിലന്റെ അന്വേഷണം തൃപ്തികരല്ലാ എന്ന് കണ്ടെത്തുന്ന കേസുകളും സർക്കാർ, സംസ്ഥാന പോലീസ് മേധാവി, സോണൽ എ.ഡി.ജി.പി.-മാർ, റേഞ്ച് ഐ.ജി.-മാർ, ജില്ലാ പോലീസ് മേധാവിമാർ എന്നിവർക്ക് ജില്ലാ ക്രൈംബ്രാഞ്ചുകളിലേയ്ക്ക് അന്വേഷണത്തിനായി കൈമാറാവുന്നതാണ്.

(സി) അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈം)-ന്റെ നിയന്ത്രണത്തിൽ പ്രത്യേക യൂണിറ്റായി സ്റ്റേറ്റ് ക്രൈംബ്രാഞ്ച് പ്രവർത്തിക്കുന്നു. എന്നാൽ ജില്ലാ ക്രൈംബ്രാഞ്ച് ഓരോ ജില്ലയിലും അതാത് ജില്ലാ പോലീസ് മേധാവിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്നു.

(ഡി) ക്രൈം ഡിറ്റാച്ച്മെന്റ് സെൽ ഇപ്പോൾ നിലവിലില്ല. പ്രസ്തുത വിഭാഗത്തിനെ ജി.ഒ. (എംഎസ്.) നമ്പർ 124/2014/ആഭ്യന്തരം തീയതി 17-6-2014 പ്രകാരം ജില്ലാ ക്രൈംബ്രാഞ്ചായി മാറ്റിയിട്ടുണ്ട്.

(ഇ) സംസ്ഥാന ക്രൈംബ്രാഞ്ച് കഴിഞ്ഞ 5 വർഷത്തിനിടെ ഏറ്റെടുത്ത കേസ്സുകൾ 2858 ആണ്. ഇതിൽ അന്വേഷണം പൂർത്തിയാക്കിയ കേസ്സുകൾ 1280 ആണ്. ഇതിൽ 25 കേസ്സുകളിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്. ജില്ലാ ക്രൈംബ്രാഞ്ച് രൂപീകരിച്ച ശേഷം 788 കേസ്സുകൾ ഏറ്റെടുക്കുകയും 115 കേസുകൾ അന്വേഷണം പൂർത്തിയാക്കുകയും ഈ കേസ്സുകൾ കോടതിയിൽ വിചാരണയിലുമാണ്. പ്രസ്തുത കേസ്സുകളിൽ ആരും ശിക്ഷിക്കപ്പെട്ടിട്ടില്ല.

കേരളാ ഹൗസിലെ പോലീസ് പരിശോധന

240 (248) ശ്രീ. കെ. സുരേഷ് കുറുപ്പ് :

ശ്രീ. കെ. രാധാകൃഷ്ണൻ :

ശ്രീമതി കെ. എസ്. സലീഖ :

ശ്രീ. പി. റ്റി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ ഡെൽഹിയിലുള്ള ഔദ്യോഗിക അതിഥി മന്ദിരത്തിൽ നിയമം ലംഘിച്ച് പോലീസ് കടന്നു കയറുകയുണ്ടായോ ;

(ബി) എങ്കിൽ സംഭവം സംബന്ധിച്ച് വിശദമാക്കാമോ ; കേരളാ ഹൗസിലെ കാന്റീനിലെ ഭക്ഷ്യവസ്തുക്കൾ ഡൽഹി പോലീസ് പരിശോധിക്കുകയുണ്ടായോ ; പ്രസ്തുത പ്രശ്നത്തിൽ പ്രതിഷേധം ഉയർന്നുവരുകയുണ്ടായോ ;

(സി) സംഭവത്തെ തുടർന്ന് യഥാസമയം ശക്തമായ നടപടി സ്വീകരിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ് ;

(ഡി) സംഘപരിവാറുകാർക്ക് ഈ സംഭവത്തിലുള്ള പങ്ക് എന്തായിരുന്നു ; സംസ്ഥാന സർക്കാർ ഡൽഹിയിൽ പോലീസിന് പരാതി നൽകിയത് എപ്പോഴായിരുന്നു ?

LIBRARY ARCHIVES Kerala Legislative Assembly